# TRK AUP SCHOOL
# VENGAD



LP വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

**Class: I**

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോരക്ഷിതാവും അധ്യാപകരും ലക്ഷ്യംവയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെവിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടികൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്ന മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതു മായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കികൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ▪ ഒന്നാം ക്ലാസിലെ എല്ലാ കുട്ടി കളെയും എഴുതാനും വായി ക്കാനും സ്വയം വ്യവഹാര രൂപ ങ്ങളിൽ ഏർപ്പെടാനും കഴിവു ള്ളവരാക്കുക.<br>▪ എല്ലാ കുട്ടികളെയും ലളിത മായ ബാലസാഹിത്യകഥകൾ /കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാ ക്കുക.<br>▪ എല്ലാകുട്ടികളും സ്വന്തം ആശ യങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാ ക്യങ്ങളിൽ എഴുതി പ്രകടിപ്പി | ▪ സചിത്ര നോട്ട്ബുക്ക് ക്ക്, സചിത്ര ആസൂ ത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.<br>▪ സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷി ക്ഷിതാക്കളെ ബോധ്യ പ്പെടുത്തുക.<br>▪ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം ണം.<br>▪ ചിത്ര കാർഡുകൾ, വായന കാർഡുകൾ | ജൂൺ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.<br>▪ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ | നിർമ്മാണ ശിൽപശാല<br>▪ താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ | | |
| ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.<br>▪ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.<br>▪ കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.<br>▪ തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.<br>▪ ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.<br>▪ കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.<br>▪ പ്രവർത്തന ലക്ഷ്യങ്ങൾ<br>▪ ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.<br>▪ സർഗ്ഗശേഷികൾ കൈവരിക്കുന്നു.<br>▪ പശയം ഗ്രഹിച്ച് മറ്റ് വ്യവാഹാ രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു. | ▪ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.<br>▪ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.<br>▪ വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>▪ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.<br>▪ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.<br>▪ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.<br>▪ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>▪ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു. | ജൂലൈ | |
| ▪ പാട്ടരങ്ങ്, റീഡേഴ്സ്തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.<br>▪ കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തിനേടുന്നു.<br>▪ സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.<br>▪ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ | ▪ റീഡേഴ്സ്തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.<br>▪ ഭാഷാവികസനത്തിന് അവസരംഒരുക്കുന്നു.<br>▪ സംയുക്ത ഡയറി എഴുത്ത് തുടരുന്നു<br>▪ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | |

| | | | |
|---|---|---|---|
| ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.<br>▪ രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറിമെച്ചപ്പെടുത്തുന്നു. | ▪ ഭാഷശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.<br>▪ രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.<br>▪ ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>▪ ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു. | | |
| | ▪ സംയുക്ത ഡയറിമെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.<br>▪ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.<br>▪ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറിമെച്ചപ്പെടുത്തുന്നു.<br>▪ അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരംഒരുക്കുന്നു.<br>▪ വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.<br>▪ കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു. | സെപ്തംബർ | |

| | | | |
|---|---|---|---|
| | ▪ വായനോത്സവം സംഘടിപ്പിക്കുന്നു.<br>▪ ആസ്വാദ്യകരമായ വായന നടത്തുന്നു.<br>▪ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.<br>▪ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.<br>▪ ഭാഷ പ്രവർത്തന ങ്ങൾ സർഗാത്മ കവും സജീവവുമാ കുന്നു.<br>▪ കുട്ടിക്കവിതകൾ വായിച്ച് ആസ്വദി ക്കുകയും ഒറ്റയ്ക്കും സംഘമായും അവത രിപ്പിക്കുകയും ചെയ്യുന്നു.<br>▪ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു. | ഒക്ടോബർ | |
| | ▪ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാ ക്കൾ ആകുന്നു.<br>▪ കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>▪ വായനോത്സവം തുടങ്ങുന്നു<br>▪ രചനോത്സവം തുടങ്ങുന്നു<br>▪ പത്രവായനയ്ക്ക് അവസരം ഒരുക്കൽ.<br>▪ താളാത്മകമായി കവിതകൾ ചൊല്ലൽ. | നവംബർ | |

| | | | |
|---|---|---|---|
| | ▪ സംയുക്ത ഡയറി യിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.<br>▪ ചിത്ര വായന നടത്തുന്നു.<br>▪ ചെറിയ വായന കാർ ഡുകൾ ബാലസാഹി ത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പ രം സഹായിച്ച്കൂട്ട വായന നടത്തുന്നു.<br>▪ ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.<br>▪ നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കു ന്നു. ചിത്രം വരയ്ക്കു ന്നു.<br>▪ ദൈനംദിന അനുഭവ ങ്ങൾ വാർത്ത രൂപ ത്തിൽ തലക്കെട്ട് എഴുതുന്നു.<br>▪ ക്ലാസ്  പത്രം രൂപപ്പെടുത്തുന്നു. | നവംബർ | |
| | ▪ ഭാഷാ പ്രവർത്തനങ്ങ ൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.<br>▪ രചന ശേഷി പരിപോഷിപ്പിക്കൽ.<br>▪ ദൈനംദിന അനുഭവ ങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.<br>▪ രണ്ടോമൂന്നോ പേരടങ്ങുന്നു ചെറു ഗ്രൂപ്പുകളായിതിരി ഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴു ത്ത് നടത്തുന്നു.<br>▪ ലഘു കവിതകൾ കഥ കൾ എന്നിവ എഴുതാ ൻ ശ്രമിക്കുന്നു.<br>▪ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ | ഡിസംബർ | |

| | | | |
|---|---|---|---|
| | ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.<br>▪ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ്നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>▪ പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.<br>▪ സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു. | | |
| | ▪ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.<br>▪ തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.<br>▪ കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.<br>▪ സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..<br>▪ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.<br>▪ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ജനുവരി | |

| | | | |
|---|---|---|---|
| | ▪ കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.<br>▪ മികവുകൾ സമൂഹ ത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു. | | |
| | ▪ ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാ പ്രവർത്തന ങ്ങൾ ജനപങ്കാളിത്ത ത്തിൽ നടപ്പിലാ ക്കുന്നു.<br>▪ കുട്ടികളുടെ രചന കൾ മാഗസിൻ ആക്കുന്നു.<br>▪ ആത്മവിശ്വാസത്തോ ടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.<br>▪ ആശയ പൂർണ്ണത യോടെ തൽസമയ രചനകൾ നടത്തുന്നു.<br>▪ ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.<br>▪ സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടു ത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.<br>▪ ആശയ പൂർണ്ണത യോടെ തൽസമയ രചനകൾ നടത്തുന്നു.<br>▪ കുട്ടികളുടെ മികവു കൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കു ന്നു. | ഫെബ്രുവരി | |
| | ▪ കുട്ടികൾ തയ്യാറാക്കി യ കഥകൾ കവിതക ൾ പുസ്തക രൂപത്തി ൽ ആക്കി പ്രകാശനം ചെയ്യുന്നു.<br>▪ വീട്ടുവായന, കൂട്ടവാ യന, നാട്ടുവായന, | മാർച്ച് | |

| | | | |
|---|---|---|---|
| | അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.<br>▪ ഓരോകുട്ടിക്കും ഓരോപതിപ്പുകൾ.<br>▪ വിലയിരുത്തൽ പ്രവർത്തനങ്ങൾ.<br>▪ കുട്ടികൾ സ്വതന്ത്ര രചയിതാക്കളായിമാറിയിട്ടുണ്ട്.<br>▪ കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായിമാറ്റിയിട്ടുണ്ട്.<br>▪ രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്<br>▪ കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.<br>▪ മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.<br>▪ സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.<br>▪ സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നു.<br>▪ സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.<br>▪ ഭാഷോത്സവത്തിന്റെ ഭാഗമായിപാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.<br>▪ എല്ലാകുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. | | |

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

| **പ്രവർത്തന ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| ▪ ഒന്നു മുതൽ അഞ്ച് വരെ സംഖ്യകൾ എണ്ണുന്നു എഴുതുന്നു.<br>▪ അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.<br>▪ അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>▪ ഒരക്ക സംഖ്യകൾ എണ്ണി എടു ക്കുന്നു, എഴുതുന്നു, വായിക്കുന്നു.<br>▪ ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.<br>▪ സംഖ്യകളെ ആരോഹണ-അവ രോഹണ ക്രമത്തിൽ ആകുന്നു.<br>▪ രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.<br>▪ രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.<br>▪ ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.<br>▪ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു. | ▪ സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.<br>▪ സംഖ്യാ കാർഡ് നിർമ്മിക്കൽ.<br>▪ ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>▪ സംഖ്യാ കാർഡ് തയ്യാറാക്കുന്നു.<br>▪ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.<br>▪ കൂടുതൽ, കുറവ്തിരിച്ചറിയുന്നു.<br>▪ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോ ഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>▪ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.<br>▪ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.<br>▪ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.<br>▪ ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടും എന്ന തിരിച്ചറിവ്.<br>▪ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.<br>▪ ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.<br>▪ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്<br>▪ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ▪ ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.<br>▪ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു | ▪ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.<br>▪ സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരി ക്കുന്നു.<br>▪ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെ ടുന്നു.<br>▪ സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.<br>▪ ഗണിത ആൽബം തയ്യാറാക്കൽ.<br>▪ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവക ലന പ്രവർത്തനങ്ങളിൽ ഏർ പ്പെടുന്നു.<br>▪ സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.<br>▪ ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>▪ ഗണിത ആൽബം പി.ടി.എ യിൽ പ്രദർശിപ്പിക്കുന്നു.<br>▪ വില വിവരപ്പട്ടിക, പ്രശ്ന വിശ കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>▪ ഗണിതാശയവുമായി ബന്ധ പ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.<br>▪ ലളിതമായ ഗണിത ക്രിയക ളിൽ ഏർപ്പെടുന്നു.<br>▪ ഉല്ലാസ ഗണിതം പ്രവർത്തന ങ്ങൾ.<br>▪ സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു. | ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

# ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate

| AIM | ACTIVITIES | TIME |
|---|---|---|
| ▪ Respond to simple instructions in the classroom.<br>▪ Describe orally about the pictures and objects.<br>▪ Familiarise with simple words.<br>▪ Enjoy songs and sings them with Rhythm and action.<br>▪ Familiarise the names of birds, animals, their young ones and identifies them from pictures. | ▪ Introduce symbol words.<br>▪ Provides picture cards. | June |
| | ▪ Identify familiar words.<br>▪ Say familiar words.<br>▪ Read familiar words.<br>▪ Write familiar words. | July |
| | ▪ Enjoy songs and sings them with Rhythm and action.<br>▪ Describes orally about pictures and objects using adjectives | August |
| | ▪ Read and write simple words and Simple sentences<br>▪ Provides picture cards and reading cards. | September |
| | ▪ Introduce symbol picture descriptions.<br>▪ Make word chain, sentence chain.<br>▪ Make riddles.<br>▪ Describing words, rhyming words.<br>▪ Text book activities. | October |
| | ▪ Prepare reading cards.<br>▪ Provide more opportunities to read, right and speak English.<br>▪ Writes five English words daily. | November |

| | | |
|---|---|---|
| | ▪ Read and understand simple instructions in the classroom.<br>▪ Encourage digital reading. | December |
| | ▪ Enjoy songs and sings them with Rhythm and action.<br>▪ Make picture albums.<br>▪ Collect pictures of animals and its young ones. | January |
| | ▪ Provide the opportunity to express myself in the classroom.<br>▪ English assembly once in a week | February |
| | ▪ Speaks English fluently.<br>▪ Read and write simple sentences<br>▪ Picture reading and picture description. | March |

**Class: II**

# മലയാളം, പരിസരപഠനം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനു സരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്ന തിനുള്ള ശേഷി നേടുന്നതിന് | ▪ ചിത്ര കാർഡുകൾ നൽകൽ.<br>▪ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.<br>▪ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ |
| എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക | ▪ ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കൽ.<br>▪ വായിച്ച കഥയെ സംഭാഷണമാക്കൽ.<br>▪ ചോദ്യങ്ങൾ ഉണ്ടാക്കൽ<br>▪ വായിച്ച കഥകൾ പറയൽ | ജൂലൈ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| റീഡേഴ്സ് തിയേറ്റർ പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതി കളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കൽ | ▪ മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.<br>▪ എല്ലാ കുട്ടികളെയും പങ്കാളികളാക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | ▪ പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ജൂൺ - മാർച്ച് | SRG<br>ക്ലാസ് ടീച്ചർ |
| പാട്ടരങ്ങ് കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്ക്കരിക്കുന്നു. | ▪ ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് |
| പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൽ ഒരുക്കുന്നു. | ▪ പ്രകൃതി നിരീക്ഷണത്തി ലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.<br>▪ നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പു വരുത്തി ക്ലാസ് പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂലൈ - മാർച്ച് | SRG |

# ഗണിതം

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ് : 2

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ▪ ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |
| | ▪ ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ▪ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നാപ ഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.<br>▪ സംഖ്യാബോധവും, ക്രിയാ ശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് .<br>▪ ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.<br>▪ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. | ▪ 1, 2, 3, 4, ....................................<br>▪ 1, 3, 5, 7, ....................................<br>▪ 10, 20, 30, 40, ............................<br>▪ 5, 10, 15, 20, .............................. തുടങ്ങീ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.<br>▪ ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ.<br>▪ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു ക്കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>▪ ഗണിതക്കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br>▪ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു.<br>▪ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.<br>▪ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | ജൂൺ<br><br>ജൂലൈ-ഡിസംബർ<br><br>ഡിസംബർ-മാർച്ച് | ക്ലാസ് ടീച്ചർ |

## ENGLISH

| AIM | ACTIVITIES | TIME |
|---|---|---|
| To Speak Read & write English without any mistakes. | Reading Cards, Make word web, Identity the action words from the same pictures | June, July, August |
| To develop listing skills & reading skills | Games, Actions songs, Conversation, use ICT.<br>Library books reading, text book activities | August - October |
| To develop writing skills | Make word web, Picture description, Make riddles, Conversations, Add more lines, Picture description. | November<br>December<br>January<br>February<br>March |

**Class: III**

# മലയാളം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടത യോടെയും അനായാസമായി വായിക്കുവാൻ | പ്രീ-ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വിസകനം | അധ്യായന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന അമ്മ മാരുടെ വായനാ കുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | അധ്യായന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി.പി.ടി.എ |
| **ലേഖനം**<br>▪ വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദി ക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക . | ▪ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങ ളിൽ രചനകൾ നടത്തുക.<br>▪ ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>▪ ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ<br>ജൂൺ | അധ്യാപകൻ | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കാൻ, വിവിധ ഭാഷാവ്യവഹാര ങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ▪ ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>▪ ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ<br>▪ ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>▪ സെപ്തംബർ 5 അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>▪ ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>▪ ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>▪ നവംബർ 1 കേരളപ്പിറവി പ്രസംഗം<br>▪ നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്തംബ ർ<br>ഒക്ടോബർ<br>നവംബർ | അധ്യാപകൻ | സി.പി.ടി.എ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപ ങ്ങൾ അവതരിപ്പിക്കൽ വേദി-സി.പി.ടി.എ | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |

# ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To Study alphabets | ▪ Pre-Test<br>▪ Write simple words | June - July | Teacher<br>Students | PTA |
| To Study, Write and read simple words | Circle the word from TB and read | August – September | Teacher<br>Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like may I drinks some water? May I go to bathroom?<br>▪ Hello.<br>▪ Hello, everyone<br>▪ Good morning<br>▪ Good morning everyone<br>▪ Good morning class.<br>▪ Good Afternoon everyone<br>▪ How are you?<br>▪ How are you all?<br>▪ How are you today?<br>▪ Let me take attendance etc | Academic year | Teacher<br>Students<br>Parents | Nil |

# ഗണിതം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ-ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ<br>ജൂലൈ | അധ്യാപകൻ<br>സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | ▪ നാണയങ്ങൾ, കളിനോട്ടുകൾ<br>▪ പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപകൻ<br>കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ<br>കുട്ടികൾ | ഇല്ല |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ▪ മനഃ കണക്കുകൾ<br>▪ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ<br>നവംബർ | അധ്യാപകൻ<br>കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | ▪ മനഃ കണക്കുകൾ<br>▪ മഞ്ചാടിക്കളി | ഡിസംബർ<br>ജനുവരി | അധ്യാപകൻ<br>കുട്ടികൾ<br>സി.പി.ടി.എ | ഇല്ല |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ▪ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>▪ ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി<br>മാർച്ച് | അധ്യാപകൻ<br>കുട്ടികൾ | ഇല്ല |

# പരിസരപഠനം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ | ജൂൺ ജൂലൈ | അധ്യാപകൻ | ഇല്ല |
| | പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | | | |
| പ്രകൃതി സംരക്ഷണം | ▪ മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>▪ മഴക്കുഴി നിർമ്മാണം.<br>▪ വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മസേനക്ക് കൈമാറൽ | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകൻ പി.ടി.എ ഹരിത കർമ്മസേന | പി.ടി.എ |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ ഒക്ടോബർ | ജെ.ആർ.സി യൂണിറ്റ് അധ്യാപകൻ കുട്ടികൾ | പി.ടി.എ ഇല്ലvv |

**Class: IV**

# പരിസരപഠനം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **അടിസ്ഥാന ഭാഷാ ശേഷി വികസനം**<br>▪ അനുയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം, പ്രകടമാകുന്ന ഊന്നലുകൽ എന്നിവയോടെ വായനക്കുള്ള അവസരങ്ങൾ ഒരുക്കുക.<br>▪ പാഠപുസ്തകങ്ങൾക്ക് പുറമെ മറ്റു വായനാ സാമഗ്രികൾ ലഭ്യമാക്കുക.<br>▪ ലേഖന ശേഷി പരിപോഷിപ്പിക്കുക.<br>▪ വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് സർഗ്ഗാർത്മക രചനകൾ പരിപോഷിപ്പിക്കുന്നതിന് | ▪ മുന്നൊരുക്ക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നു.<br>▪ പ്രീ-ടെസ്റ്റ്.<br>▪ ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>▪ കവിതകൾ പരിചയപ്പെടൽ<br>▪ താളാത്മകമായി അവതരിപ്പിക്കൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | ഇല്ല |
| | ▪ റീഡേഴ്സ് തിയ്യേറ്റർ<br>▪ വായനാ മത്സരങ്ങൾ<br>▪ ആനുകാലിക വായന<br>▪ ഭാവാത്മ വായന<br>▪ സർഗ്ഗാത്മ ഡയറി | ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ എസ്.ആർ.ജി | |
| | ▪ വിവരണം, കുറിപ്പ് തുടങ്ങിയ ചെറിയ രചനകൾ തയ്യാറാക്കുന്നു.<br>▪ രചന പരിചയകുറിപ്പ് തയ്യാറാക്കുന്നു. | ഒക്ടോബർ-നവംബർ | ക്ലാസ് ടീച്ചർ | |
| | ▪ വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു. (കത്ത്, നോട്ടീസ്, പത്ര വാർത്ത, വിവരണം തുടങ്ങിയവ)<br>▪ സർഗ്ഗാത്മക രചനകലിൽ ഏർപ്പെടുന്നു. | ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ▪ വിവിധ സർഗ്ഗശേഷികളുടെ പ്രദർശനം | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ എസ്.ആർ.ജി | പി.ടി.എ |

# ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| Improving the ability to Read, Speak and Write English effectively (English Assembly) | Attending assembly twicer a week | Through out the year | Class Teacher | |
| Develop active listening skill | Presenting News in school Radio for improving active English listening Skill. Twice in a week | Through 4 year | Class Teacher | |
| English Magazine writing skill & Creativity development | Preparation of Magazines containing Children's Creative Writing | Once in four months | Class Teacher SMC | |
| English Land Writing | Correspondence to Covering Special day celebrations at school | Once in Three Months | Class Teacher | |
| **English Fest**<br>▪ Learners can achieve ability to listen Speak, Write Radio English well.<br>▪ Develop Language skills & Build confidence | **LSRW**<br>Students can get opportunity to listen, Speak, Read and writing<br>▪ Reading Competition.<br>▪ Writing Competition.<br>▪ Creative Work exhibition.<br>▪ Listening Stall (Children English movie to hear English).<br>▪ English Game Stall.<br>▪ Story telling session.<br>▪ Word Games.<br>▪ English Quiz. | Once in year (January – March) | HM<br>Class Teacher<br>Parents<br>SMC | PTA |

# പരിസരപഠനം

| **പ്രവർത്തന ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| **പ്രകൃതി നടത്തം**<br>▪ നിരീക്ഷണം<br>▪ അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | ഇല്ല |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്രവുമായി ബന്ധപ്പെട്ട വാർച്ചകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | ബി.ആർ.ജി<br>ക്ലാസ് ടീച്ചർ | |
| ഭൂപട മൊരുക്കാം | ഇന്ത്യ ഭൂപട രചന<br>ഭൂപട വായന | ജൂലൈ | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | |
| **ശാസ്ത്രോത്സവം**<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകലുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | |
| കൊളാഷ് നിർമ്മാണം | കലാരൂപങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി കൊളാഷ് നിർമ്മാണം | സെപ്തംബർ | ക്ലാസ് ടീച്ചർ | |

# ഗണിതം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഗണിത പഠനം രസകരമാക്കൽ** ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | |
| **ഗണിത പഠനോപകരണ ശിൽപശാല** പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പി.ടി.എ |
| **ഗണിത ചുമർ** ഗണിത പഠനങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ |
| **ഗണിത പെട്ടി** ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ) | ഗണിത പെട്ടി ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഗണിതമേള** ഗണിതശേഷികളുടെ പ്രദർശനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |

# അറബിക്

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായിക്കാം വളരാം** തെറ്റുകൂടാതെ അറബി വായിക്കുവനുള്ള കഴിവുണ്ടാക്കുന്നു. | ▪ ചിത്ര വായന<br>▪ കഥാ വായന<br>▪ അക്ഷര വായന<br>▪ ക്ലാസ് വായന<br>▪ ലൈബ്രറി വായന | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | |
| അറബി ഭാഷ എഴുതുന്നതിന്റെ പരിപോഷണം | ▪ അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>▪ പദങ്ങൾ ഉറപ്പിക്കൽ<br>▪ കയ്യെഴുത്ത് മാസിക<br>▪ കൂട്ടി എഴുത്ത് | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | |
| **അറബിക് മധുരം** അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കാനുള്ള പരിപാടി | ▪ പ്രീ-ടെസ്റ്റ്<br>▪ ഭാഷ കളികൾ<br>▪ അക്ഷര കാർഡുകൽ<br>▪ അക്ഷര ഗെയിം | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ | |
| ദിനാചരണം പരിചയപ്പെടുത്തൽ | ▪ പോസ്റ്റർ നിർമ്മാണം | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ | |
| **ഒരു ദിനം ഒരു അറിവ്** പദ്ധതി | ▪ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ പ്രവൃത്തി ദിവസ ങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | |

# TRK AUP SCHOOL
# VENGAD



# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

UP വിഭാഗം

**Class: 5, 6, 7**

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.**<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽനേടുന്നു. | **1. ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ-ഓഗസ്റ്റ് | അക്ഷര ചാർട്ട്<br><br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ.<br>• ചിത്ര കഥകൾ.<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ-ജൂലൈ | സംസ്കൃത കഥാപുസ്തകം<br><br>ICT | റിസോഴ്സ് അധ്യാപിക |
| **2. വീട് ഒരു പരീക്ഷണശാല**<br><br>കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ-ഒക്ടോബർ | സംസ്കൃത നിഘണ്ടു | |

| | | | | |
|---|---|---|---|---|
| **3. വായനാലോകം**<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • തിരഞ്ഞെടുത്ത ലളിതമായ പുസ്ത ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പിരിയഡിലും ആദ്യത്തെ അഞ്ച് മിനുട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| **4. കരിക്കുലം ലക്ഷ്യം വായ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം.<br>• കലണ്ടർ നിർമ്മാണം.<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ-മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| **5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **6. ആസ്വാദന ലോകം**<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ ആസ്വാദനസഭ ചേരുന്നു.<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| **7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **8. ക്ലാസ് റൂം ആകർഷകമാക്കുന്നത്** | • പെയ്ന്റിംഗ്.<br>• ലൈബ്രറി ഒരുക്കൽ.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കൽ. | | | |

# മലയാളം

മേഖല : സർഗസല്ലാപം
ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| **ഭാഷയിലൂടെ വിവധ ശേഷികളിൽ മികവുനേടുക.** | പ്രാദേശിക എഴുത്തുകാരുമായി അഭിമുഖം. അവുടെ എഴുത്ത്, വായന, അനുഭവങ്ങൾ പങ്കുവെയ്ക്കൽ, കുറിപ്പ്, ആസ്വാദനക്കുറിപ്പ്, രചനകൾ, സർഗാത്മകതയ്ക്ക് അവസരം, ക്ലാസ് ലൈബ്രറി, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രസംഗം, പതിപ്പ്, ചുമർ പത്രിക നിർമ്മാണം, പുസ്തക പരിചയം | ജൂൺ-ഫെബ്രുവരി | ഹെഡ്മാസ്റ്റർ<br>പി.ടി.എ<br>മലയാളം ക്ലബ്ബ്<br>വിദ്യാരംഗം | PTA<br>റിസോഴ്സ് അധ്യാപിക |

മേഖല : നാടകകളരി, അഭിനയകളരി
ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങനൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റൽ, അഭിനയം, കലാപഠനം, സർഗാത്മകത | ബഷീർ കൃതികൾ, ജൂലൈ-5 ബഷീർ ദിനത്തിൽ പരിചയപ്പെട്ടിട്ടുള്ളനൂ പുസ്തകങ്ങൾ വായിച്ച് നടക രൂപത്തിലേക്ക് മാറ്റുക, പതിപ്പ് | ജൂലൈ | വിദ്യാരംഗം ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | |

മേഖല : കുട്ടികളുടെ ആകാശവാണി
ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങനൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| കവിതകൾ, പാട്ട്, നാടൻ പാട്ട്. മോണോആക്ട് എന്നിവ അവതരിപ്പിക്കൽ | വിദ്യാലയത്തിലെ റേഡിയോ സ്റ്റേഷൻ വഴി ദിനാചരണം-പാട്ടുകൾ, കവിതകൾ, കഥ, നാടകം, മോണോആക്ട്, ദൃശ്യാവിഷ്ക്കാരം | ആഴ്ചയിൽ ഒരിക്കൽ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | വിദ്യാരംഗം ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | |

മേഖല : പാവനാടക പരിശീലനം
ഉപമേഖല : ഭാഷയുടെ സർഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങനൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളാക്കി അവതരിപ്പിക്കൽ | ജൂൺ-മാർച്ച് | മലയാളം ക്ലബ്ബ് | |

മേഖല : വ്ലോഗ് നിർമ്മാണം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങനൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| പരിസ്ഥിതി നിരീക്ഷണം വർണന | പഠനയാത്ര സംഘടിപ്പിക്കുന്നു (യാത്രകൾ പോയതുമാവാം) പാഠഭാഗത്തിനനുസരിച്ച് വിശദീകരണ വീഡിയോ നിർമ്മാണം | വർഷത്തിൽ മൂന്നോ നാലോ തവണ | ടൂർ ഗ്രൂപ്പ് | |

മേഖല : ഗ്രന്ഥശാല ശാക്തീകരണം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങനൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| വായന കളരി എല്ലാവരേയും വായനയ്ക്ക് പ്രാപ്തരാക്കൽ പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കൽ ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | പത്രവായന, വിശകലനം, ആഴ്ചപ്പതിപ്പുകൾ, കഥാപുസ്തകങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ വായന, ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് | ജൂൺ-മാർച്ച് | ഹെഡ്മാസ്റ്റർ പി.ടി.എ ലൈബ്രേറിയൻ മലയാളം ടീച്ചർ ക്ലാസ് ടീച്ചർ വിദ്യാരംഗം ക്ലബ്ബ് | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| **വായിക്കാം... വളരാം...**<br><br>തെറ്റു കൂടാതെ അറബി വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | • ചിത്ര വായന<br>• കഥാവായന<br>• അക്ഷര വായന<br>• ക്ലാസ് വായന<br>• ലൈബ്രറി വായന<br>• വായന മത്സരം | ജൂൺ-ഫെബ്രുവരി | അധ്യാപകർ |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | • അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• പദങ്ങൾ ഉറപ്പിക്കൽ<br>• കയ്യെഴുത്ത് മാസിക<br>• കൂട്ടി എഴുത്ത് | ജൂൺ-ഫെബ്രുവരി | |
| അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം<br>മെഗാ അറബിക് ടാലന്റ് ടെസ്റ്റ് | • പതിപ്പ് നിർമ്മാണം.<br>• ദിനാചരണം.<br>• പ്രവർത്തന കലണ്ടർ<br>• ക്വിസ്സ് മത്സരം | ജൂൺ-ഫെബ്രുവരി | |
| അറബിക് കാലിഗ്രാഫി ക്യാമ്പ് | • മത്സരങ്ങൾ സംഘടിപ്പിക്കൽ<br>• പ്രദർശനം | ആഗസ്റ്റ്-ഡിസംബർ | |
| അറബി ഭാഷാ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കൽ | • ക്ലാസ് സംഭാഷണം<br>• ഇ-ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണം.<br>• ലാംഗ്വേജ് ഗെയിം | ജൂൺ-ഫെബ്രുവരി | |

# ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഉർദു അഞ്ചാം തരത്തിൽ നിന്ന് തുടങ്ങുന്ന ഭാഷയായതിനാൽ അക്ഷരങ്ങളെയും ഭാഷയെയും പരിചയപ്പെടുത്തുന്നു. ഭാഷയെ കുറിച്ച് കൂടുതൽ പഠിക്കാനുള്ള അവസരം ഒരുക്കുന്നു. | പുതിയ പദങ്ങൾ, വാചകങ്ങൾ, പദ്യങ്ങൾ, അതിൽ വരുന്ന അക്ഷരങ്ങളെ ബോധ്യപ്പെടുത്തുന്നു. ചിത്രങ്ങൾ, ചാർട്ടുകൾ, അക്ഷരമാല കാർഡ് എന്നിവ ഉപയോഗപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | ഉർദു അധ്യാപകൻ | |
| വായന തെറ്റുകൂടാതെ വായനാശേഷി നേടുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു | തെറ്റുകൂടാതെ വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് നേടുന്ന തലത്തിലേക്ക് എത്തിക്കൽ. ചിത്രങ്ങൾ, കഥകൾ, ചാർട്ടുകൾ, ICT എന്നിവ ഉപയോഗപ്പെടുത്തുന്നു | ജൂൺ-മാർച്ച് | ഉർദു അധ്യാപകൻ | |
| സംസാരിക്കുന്നതിനുള്ള ശേഷി നേടൽ ആവശ്യമായ കാര്യങ്ങൾ ഉർദുവിൽ പറയാനും പ്രകടിപ്പിക്കാനുമുള്ള ശേഷി നേടൽ | ഭാഷാവിനിമയ ശേഷി വർദ്ധിപ്പിക്കാൻ ആവശ്യമായ തലത്തിലേക്ക് നിരന്തരമായ വായനയിലൂടെയും മറ്റും ചിത്രകഥ എന്നിവയിലൂടെ സംസാരശേഷി നേടുന്നു. | ജൂൺ-മാർച്ച് | ഉർദു അധ്യാപകൻ | |
| പതിപ്പ് നിർമ്മാണം, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവയിലൂടെയും മറ്റും എഴുത്തിലൂടെ ശ്രദ്ധചൊലുത്തുന്നു. | നിരന്തരമായ പ്രവർത്തനങ്ങളിലൂടെയും മറ്റും ആവശ്യമായ ശേഷി കണ്ടെത്തുന്നു. കുട്ടികൾ അധ്യാപകന്റെ സഹായത്തോടെ കണ്ടെത്തിയ കാര്യങ്ങൾ രചനയിലൂടെ പ്രകടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ഉർദു അധ്യാപകൻ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| **5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ**<br><br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കൽ | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കികൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| **ഹിന്ദി വായന**<br>തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| **ഹിന്ദി സംസാരം**<br>ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്...<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

# ENGLISH

| ACTIVITIES | OBJECTIVES | DURATION | EVALUATION SUGGESTION | EXPEN DITURE |
|---|---|---|---|---|
| ▪ Conduct English assembly once in a month, reading stories, poems etc… | ▪ To develop interel in English among children and to create opportunities for expression. | Month | | |
| ▪ Spell Bee, Reading competition, Elocution to be conducted as class wise. | ▪ To enable students to present their talent in English | Weekly | | |
| **Meet the foreigner**<br>Enacting a scence where a foreigner visite a village.<br><br>**One man show**<br>Students perform their own stories | ▪ To assers proficieny in English language | | | |
| **Corner**<br>A Reading of month Award for the best English Reader | ▪ To Promote reading culture | Monthly | | |
| **My Dropleto**<br>Personal experience to be shared to English | ▪ To develop communicative compelince | | | |
| **Fun time**<br>Fun English activities | ▪ Create internt among children. | | | |
| **Camp**<br>English Camp with multiple activities like story telling, reading, conversation etc… | ▪ To help students to acquire basic English speaking and writing skills | | | |
| **Play**<br>Performing English dialogues | ▪ To develop language and presentation skills. | | | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കൽ. | പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ നിർമ്മിക്കൽ (ശിൽപ്പശാല) | ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനം | സയൻസ് അധ്യാപകരും വിദ്യാർത്ഥികളും | 2000 രൂപ |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കും, വന്യജീവി സങ്കേതങ്ങളിലേക്കുമുള്ള പഠനയാത്ര (നെല്ല് ഗവേഷണ കേന്ദ്രം പട്ടാമ്പി, പ്ലാനറ്റേറിയം, കരിമ്പുഴ വന്യജീവി സങ്കേതം | ഒരു ടേമിൽ ഒന്ന് | സയൻസ് ക്ലബ്ബ് പി.ടി.എ | 1000 രൂപ |
| ശാസ്ത്രാഭിമുഖ്യം വളർത്തൽ ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കൽ | ▪ പ്രഗത്ഭ ശാസ്ത്രകാരന്മാരുടെ ക്ലാസുകൾ, പരീക്ഷണങ്ങൾ പഠനോപകരണ നിർമ്മാണം.<br>▪ വാനനിരീക്ഷണം.<br>▪ ശാസ്ത്ര ക്ലബ്ബ് രൂപീകരിച്ച് വ്യസ്ത പരീക്ഷണങ്ങൾ ക്ലബ്ബിൽ നടപ്പാക്കൽ.<br>▪ ഊർജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്<br>▪ സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ▪ ഐ.ടി.സി സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബുകൾ | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | **ചെയ്യാം പഠിക്കാം**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവുകൾ പരീക്ഷിക്കുന്നതിനുള്ള പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം | എസ്.എസ് ടീച്ചർ | 10000 പി.ടി.എ |
| സാമൂഹ്യശാസ്ത്രം പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | എസ്.എസ് ലാബ് സജ്ജീകരണം | വർഷത്തിൽ 1 തവണ | എസ്.എസ് ക്ലബ്ബ് | 25000 പി.ടി.എ മാനേജർ |
| ചരിത്ര അവബോധം സൃഷ്ടിക്കാൻ | **കാണാം അറിയാം**<br>ഫീൽഡ് ട്രിപ്പുകൾ | വർഷത്തിൽ 5 തവണ | എസ്.എസ് ക്ലബ്ബ് | 50000 രക്ഷിതാവ് |
| അക്ഷാംശ രേഖാംശ രേഖകൾ തിരിച്ചറിയൽ | **രേഖകൾ കൈവിരലിൽ**<br>പരീക്ഷണം<br>ഗ്ലോബ് നിർമ്മാണം<br>വർക്ക് ഷോപ്പ്<br>പസിൽ | വർഷത്തിൽ 1 തവണ | എസ്.എസ് ക്ലബ്ബ് | 5000 പി.ടി.എ |
| ജനാധിപത്യപരമാ ജീവിത സംസ്കാരം വളർത്തിയെടുക്കൽ | **ജനാധിപത്യത്തിന്റെ കാവലാളാകൽ**<br>സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പ് ചിട്ടയോടെ നടത്തുന്നു. | വർഷത്തിൽ 1 തവണ | എസ്.എസ് ക്ലബ്ബ്<br>അധ്യാപകർ | 3000 പി.ടി.എ |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | **അഭിപ്രായ സമന്വയമാണ് ജനാധിപത്യം.**<br>മോക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 2 തവണ | എസ്.എസ് ടീച്ചർ | 100 പി.ടി.എ |
| ദുരന്ത നിവാരണ പ്രവർത്തനങ്ങൾ | **താങ്ങാവാം തണലാവാം**<br>ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടുക.<br>ഫയിൻ, മസ്കറ്റ് സഹായത്തോടെ | വർഷത്തിൽ 1 തവണ | എസ്.എസ് ക്ലബ്ബ് | 5000 പി.ടി.എ |

| | | | | |
|---|---|---|---|---|
| ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാം | **നാടിന്റെ നട്ടെല്ലാകാം**<br>ജനുവരി 26ന് എല്ലാ വിദ്യാർത്ഥികളും ഭരണഘടനയുടെ ആമുഖം വൃത്തിയായി എഴുതി കൂട്ടമായി വായിക്കുക. | വർഷത്തിൽ 1 തവണ | എസ്.എസ് ക്ലബ്ബ് | |

# ഗണിതം

| | | | | |
|---|---|---|---|---|
| **ഗണിത ക്ലിനിക്ക്** ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗങ്ങൾ നിർദ്ദേശിക്കുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| ഗണിത മേഖലയിൽ കുട്ടികലുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ (സ്ക്കൂളിൽ നിന്നും പുറമെ നിന്നും മറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവരും) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 2 തവണ | ഗണിത അധ്യാപകർ | 2000 രൂപ |
| ജിയോമട്രിക്കൽ ചാർട്ട് ശിൽപ്പശാല | ജിയോമട്രിക്കൽ ചാർട്ടിൽ താൽപര്യം ഉള്ള കുട്ടികളെ കണ്ടെത്തി ജിയോമട്രിക്കൽ ചാർട്ടിൽ പ്രാവീണ്യം ഉള്ള അധ്യാപകർ ഒരു ദിവസത്തെ ശിൽപ്പശാല നടത്തുന്നു. | ജൂലൈ | ഗണിത അധ്യാപകൻ | 2000 രൂപ |
| **ടി.എൽ.എം, സ്റ്റിൽ മോഡൽ നിർമ്മാണം** ഗണിതപഠനം സുഖമമാക്കാൻ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | 6,7 ക്ലാസുകളിലെ ഭിന്ന സംഖ്യ പാഠഭാഗം കുട്ടികളിൽ എളുപ്പമാക്കാൻ ഫ്റാക്ഷൻ ഡിസ്ക്ക് നിർമ്മാണം. 5-ാം ക്ലാസിലെ സംഖ്യകൾക്കുള്ളിൽ എന്ന പാഠഭാഗത്തിൽ നിന്ന് സംഖ്യാപോക്കറ്റ് നിർമ്മാണവും ക്ലാസ്തല പ്രവർത്തനം. ഗണിത പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷം മുഴുവൻ | ഗണിത അധ്യാപകർ | 1000 രൂപ |

# ഫിസിക്കൽ എഡ്യൂക്കേഷൻ

**ആമുഖം**

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവുമായ, സാമൂഹികവും, വൈകാരികവുമായ വികാസത്തിന് കായികാഭ്യാസവും യോഗചര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു. കായിക ക്ഷമതയ്ക്ക് പുറമെ കുട്ടികളുടെ ആരോഗ്യ പ്രശ്മനങ്ങൾ ശാരീരിക വളർച്ച, കൌമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതോടൊപ്പം താൽപര്യമുള്ള കായിക മേഖലകൾ തിരഞ്ഞെടുത്ത് അവയിൽ മികവ് നേടുന്നതിനുള്ള അവസരവും ഉറപ്പാക്കണം.

**<u>അക്കാദമികം (ആരോഗ്യ-കായിക പ്രശ്നങ്ങൾ)</u>**

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
2. കായിക ക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് അനുവദിച്ച പിരീയഡ് അപര്യാപ്തമാണ്.
3. വൈവിധ്യമാർന്ന കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകരില്ല.
4. കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളും സമൂഹവും പൂർണ്ണമായി തിരിച്ചറിഞ്ഞിട്ടില്ല.
5. കായിക വിദ്യാഭ്യാസത്തിന്റെ പിരീയഡുകൾ ക്രമീകരിക്കുന്നതിൽ പരിമിതികളുണ്ട്.
6. ഓരോ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭ്യമല്ല.

**<u>ഭൗതികം</u>**

1. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല.
2. ജംപിങ് പിറ്റ്, ജംപിങ് മാറ്റ് എന്നിവ ഇല്ല.

**<u>സാമൂഹികം</u>**

പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് എത്തിക്കുന്നതിനുള്ള പരിപാടികളില്ല.

പരിഹാര പ്രവർത്തനം വിശദാംശങ്ങൾ

1. ടാലന്റ് റിസർവ്വ് പദ്ധതി
   കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നൽകൽ. നിശ്ചിത ഇനങ്ങളിൽ കൂടുതൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ. കൃത്യമായ മോണിറ്ററിംഗ്.
2. കായിക ശിൽപശാല
   കായിക മേഖല തിരഞ്ഞെടുത്ത മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചു കൊണ്ട് ഏകദിന ശിൽപശാല സംഘടിപ്പിക്കും. ശില്പശാലയിൽ കായിക പഠനത്തിന്റെ പ്രാധാന്യം സാധ്യതകൾ എന്നിവ വിദഗ്ദരായ കായികാധ്യാപകർ വിശദമാക്കും.
3. കായിക പരിശീലനം
   എല്ലാ ദിവസവും കായിക പരിശീലനം ലഭ്യമാക്കും. കുട്ടികളുടെ ഹാജർ നിർബന്ധമാക്കും. നിശ്ചിത മേഖലയിൽ കഴിയുന്നത്ര വിദഗ്ദരുടെ സേവനം ലഭ്യമാക്കും. മികവ് പുലർത്തുന്നവരെ സബ്ജില്ല, ജില്ല, സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കും.
4. ഭൗതിക സൗകര്യങ്ങൾ
   ജംപിങ്, ജംപിങ് മറ്റ് എന്നിവ നിർമിക്കൽ, കൂടുതൽ കളിസ്ഥലങ്ങൾ സൗകര്യപ്പെടുത്തും. കൂടുതൽ കായിക ഉപകരണങ്ങളും ലഭ്യത എന്നിവ ഉറപ്പാക്കും.
5. പഠന സമയം വർദ്ധിപ്പിക്കൽ
   കായിക പഠനത്തിന് ടൈം ടേബിൾ നൽകിയ കൃത്യമായ സമയം ഉപയോഗപ്പെടുത്തുക. കൂടെ ശനിയാഴ്ച ആവശ്യാനുസരണം പഠന പദ്ധതികൾ നടപ്പിലാക്കുക.

**4.പ്രവർത്തന പദ്ധതി വിശകലനം**

മേഖല : അക്കാദമികം
പ്രവർത്തനം-1 : ടാലന്റ് സെർച്ച്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| കായിക പഠനത്തിൽ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അനുഭവങ്ങൾ നൽകുന്നതിന് | കായിക പഠനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തൽ ഇനം നിശ്ചയിക്കൽ | മെയ് | കായിക സമിതി | |
| | നിശ്ചിത മേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനം | മെയ് | കായിക സമിതി | |
| | പ്രതിവാര പരിശീലന പരിപാടി | ജൂൺ | കായിക സമിതി | |

പ്രശ്നം : വിശകലനം
മേഖല : അക്കാദമികം
പ്രവർത്തനം-1 : എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. കായിക പ്രവർനങ്ങളിൽ ഏർപ്പെടുന്നതിൽ പെൺകുട്ടികൾ വിമുഖത കാണിക്കുന്നു.<br>2. മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പഠനത്തിന് നൽകുന്നില്ല.<br>3. അനുയോജ്യമായ കായിക പ്രവർത്തനത്തിന് സൌകര്യമില്ല.<br><br>**അധ്യാപകർ**<br>1. മുൻ അനുഭവമില്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പ്രയാസം | 1. കായിക ക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.<br>2. എല്ലാവിധ കായിക പഠനത്തനും സൌകര്യമൊരുക്കൽ<br>3. എൽ.പി ക്ലാസുകളിൽ കായിക പഠനത്തിന് സൗകര്യമൊരുക്കൽ<br>4. വൈവിധ്യമാർന്ന കായിക പഠനത്തിന് അവസരമൊരുക്കൽ<br>5. രക്ഷാകർതൃ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കൽ. | 1. ടാലന്റ് സെർച്ച് പരിപാടി<br>2. കുട്ടികൾക്ക് കായിക ശില്പശാല<br>3. എൽ.പി, യു.പി തലങ്ങളിൽ കായിക അധ്യാപക സേവനം<br>4. ഭൗതിക സൗകര്യ മൊരുക്കൽ<br>5. സ്പോർട്സ് കൌൺസിൽ സഹായം<br>6. പഠന സമയം വർദ്ധിപ്പിക്കൽ |

| | | |
|---|---|---|
| 2. എല്ലാ മേഖലയിലും പരിശീലനം നൽകൽ<br><br>**രക്ഷിതാവ്**<br>1. കുട്ടികൾ കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ താൽപര്യമില്ല.<br>2. കായിക ക്ഷമതാ പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടില്ല.<br><br>**സംവിധാനം**<br>1. കായിക പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യമില്ല.<br>2. താഴെ ക്ലാസുകളിൽ കായിക പഠനത്തിന് അധ്യാപകരില്ല. | | |

മേഖല : അക്കാദമികം

പ്രവർത്തനം-1 : കായിക ശില്പശാല

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം വിശകലനം** |
|---|---|---|---|---|
| കായിക പഠനത്തിന്റെ ലക്ഷ്യം പ്രാധാന്യം, സാധ്യത എന്നിവ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധ്യപ്പെടുത്തുന്നതിന് | കുട്ടികളെയും രക്ഷിതാക്കളെയും ക്ലാസെടുക്കുന്നവരെയും അറിയിക്കൽ | ജൂൺ | കായിക സമിതി | |
| | ശില്പശാല സൂക്ഷ്മ പ്രവർത്തനം | ജൂൺ | കായിക സമിതി | |
| | പഠന ക്ലാസ്, ഗ്രൂപ്പ് പ്രവർത്തനം | ജൂൺ | കായിക സമിതി | |
| | വിലയിരുത്തൽ | ജൂൺ | കായിക സമിതി | |

മേഖല : അക്കാദമികം
പ്രവർത്തനം-1.3 : കായിക ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| നിശ്ചിത മേഖലയിൽ നിരന്തരവും ഗുണമേന്മയുള്ളതുമായ പരിശീലനം ഉറപ്പാക്കുന്നതിന് | കായിക പഠന സംഘങ്ങൾ രൂപീകരിക്കൽ | ജൂൺ | കായിക സമിതി | |
| | പഠന സംഘങ്ങൾക്ക് പരിശീലകരെയും സഹായ സംഘത്തെയും കണ്ടെത്തൽ | ജൂൺ- ജൂലൈ | കായിക സമിതി | |
| | പരിശീലന ടൈം ടേബിൾ തയ്യാറാക്കൽ | ജൂൺ | കായിക സമിതി | |
| | പുരോഗതി വിലയിരുത്തൽ (ടേമിലൊരിക്കൽ) | ആഗസ്റ്റ് നവംബർ ഫെബ്രുവരി | കായിക സമിതി | |

മേഖല : അക്കാദമികം
പ്രവർത്തനം : ഭൗതിക സൗകര്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| കായിക പഠനം ഫലപ്രദമാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കാഴ്ചപ്പാട് വികസിപ്പിക്കൽ | ഭൗതിക സൗകര്യങ്ങൾ ആവശ്യമായവ സംബന്ധിച്ച് ധാരണ രൂപീകരിക്കുന്നു | ജൂലൈ | SRG കായികാധ്യാപകർ | |
| | പദ്ധതി രൂപീകരണ ശില്പശാല | ആഗസ്റ്റ്- സെപ്റ്റംബർ | SRG കായികാധ്യാപകർ | |
| | പദ്ധതി രൂപീകരണം | ഒക്ടോബർ നവംബർ | SRG കായികാധ്യാപകർ | |
| | | | | |